"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കൊട്ടാരക്കര നഗരസഭയുടെ സർക്കാർ പദ്ധതിയായ ഹാപ്പിനസ് പാർക്കിനു വേണ്ടി കൊട്ടാരക്കര വില്ലേജിൽ ബ്ലോക്ക് 23-ൽ റീസർവ്വേ 141/1-ൽ പി ഡബ്ല്യൂ ഡി റോഡ് പുറമ്പോക്കിൽ ഉൾപ്പെട്ട 72 ആർസ് സർക്കാർ ഭൂമിയിൽ നിന്നും 4.05 ആർസ് (10 സെന്റ്) സ്ഥലം കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ ഭൂപതിവ് ചട്ടങ്ങൾ 1995-ലെ ചട്ടം-12 പ്രകാരം, പാട്ട വ്യവസ്ഥയിൽ പത്ത് വർഷത്തേയ്ക്ക് അനുവദിച്ച് നല്കി ഉത്തരവാകുന്നു.

---

**റവന്യൂ (പി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.916/2025/RD തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:- 1. കൊട്ടാരക്കര നഗരസഭാ ചെയർമാൻ സമർപ്പിച്ച 30/07/2024-ലെ അപേക്ഷ.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 21/01/2025 -ലെ LR/9069/2024-LR(J9) - നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊട്ടാരക്കര നഗരസഭയുടെ നേതൃത്വത്തിൽ സർക്കാർ പദ്ധതിയായ ഹാപ്പിനസ് പാർക്കിന് കൊട്ടാരക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ റിസർവേ 141/1 ൽ ഉൾപ്പെട്ട 04.05 ആർസ് സർക്കാർ ഭൂമി അനുവദിക്കുന്നതു സംബന്ധിച്ച കൊട്ടാരക്കര മുനിസിപ്പൽ ചെയർമാൻ പരാമർശം (1) പ്രകാരം, അപേക്ഷിച്ചിരുന്നു. പരാമർശം (2) മുഖേന ലാന്റ് റവന്യൂ കമ്മീഷണർ താഴെ പറയുന്ന വസ്തുതകൾ/ശുപാർശകൾ ലഭ്യമാക്കിയിട്ടുണ്ട്.

- അപേക്ഷക്കാസ്പദമായ 04.05 ആർസ് സ്ഥലം കൊല്ലം തിരുമംഗലം ദേശീയപാതയിൽ കൊട്ടാരക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ റിസർവേ 141/1 ൽ പിഡബ്ല്യുഡി റോഡ് പുറമ്പോക്കിൽപ്പെട്ട ആകെ 72 ആർ ഭൂമിയിൽ ഉൾപ്പെട്ടതും ബി. റ്റി.ആർ പ്രകാരം റോഡ് പുറമ്പോക്ക് ആണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ സർക്കാർ ഭൂമിയാണ്.

- അപേക്ഷാ സ്ഥലത്തിന് 58,940/- രൂപ പ്രതിവർഷ പാട്ടമായി നിശ്ചയിക്കാവുന്നതാണെന്നും നിർദിഷ്ട സർക്കാർ ഭൂമി ഏതെങ്കിലും റവന്യു ഓഫീസുകൾ, ക്വാർട്ടേഴ്സുകൾ, മന്ദിരങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് സമീപഭാവിയിൽ ആവശ്യമില്ലായെന്നും ഈ സാഹചര്യത്തിൽ കൊട്ടാരക്കര നഗരസഭയുടെ പദ്ധതിയായ ഹാപ്പിനസ് പാർക്കിനു വേണ്ടി ടി സ്ഥലം കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ ഭൂപതിവ് ചട്ടങ്ങൾ 1995 ചട്ടം-12 പ്രകാരം സർക്കാർ നിബന്ധനകൾക്കും പൊതുമരാമത്ത് വിഭാഗത്തിന്റെ നിരാക്ഷേപ സാക്ഷ്യ പത്രത്തിനും വിധേയമായി പാട്ടം

വ്യവസ്ഥയിൽ അനുവദിക്കുന്നതിന് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

- റോഡ് വികസനത്തിനായി ടി സ്ഥലം പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന മുറക്ക് തന്നെ ടി ഭൂമി തിരികെ നൽകേണ്ടതാണെന്ന വ്യവസ്ഥ കൂടി പാട്ട വ്യവസ്ഥയിൽ ഉൾപ്പെടുത്താവുന്നതാണ്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. കൊട്ടാരക്കര നഗരസഭയുടെ പദ്ധതിയായ ഹാപ്പിനസ് പാർക്കിനു വേണ്ടി കൊട്ടാരക്കര വില്ലേജിൽ ബ്ലോക്ക് 23-ൽ റീസർവ്വേ 141/1-ൽ പി ഡബ്ല്യൂ ഡി റോഡ് പുറമ്പോക്കിൽ ഉൾപ്പെട്ട 72 ആർസ് സർക്കാർ ഭൂമിയിൽ നിന്നും 4.05 ആർസ് (10 സെന്റ്) സ്ഥലം കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ ഭൂപതിവ് ചട്ടങ്ങൾ 1995-ലെ ചട്ടം-12 പ്രകാരം, ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും നിലവിലെ പാട്ട വ്യവസ്ഥകൾക്കും പൊതുമരാമത്ത് വിഭാഗത്തിന്റെ നിരാക്ഷേപ സാക്ഷ്യ പത്രത്തിനും വിധേയമായി പ്രതിവർഷം 58,940/- രൂപയ്ക്ക്, പാട്ട വ്യവസ്ഥയിൽ പത്തുവർഷത്തേയ്ക്കു കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നല്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;
ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;
iii. ഭൂമി, നിശ്ചിത ഉദ്ദേശ്യവുമായി ബന്ധപ്പെട്ട പൊതു ആവശ്യങ്ങൾക്കല്ലാതെ പാട്ടത്തിന്/ഉപപാട്ടത്തിന്/ തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;
iv. ഭൂമി എല്ലാത്തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കൊട്ടാരക്കര നഗരസഭ തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;
v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയ ശേഷമേ മുറിക്കുവാൻ പാടുള്ളൂ; കൂടാതെ മുറിയ്ക്കുന്നതിന്റെ മൂന്നിരട്ടി മരങ്ങൾ ലഭ്യമായ മറ്റ് സ്ഥലത്ത് നട്ടു പരിപാലിയ്ക്കേണ്ടതുമാണ്.
vi. ഓരോ മൂന്ന് വർഷം കൂടുമ്പോഴും പാട്ടം പുതുക്കേണ്ടതാണ്;
vii. പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.
viii. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.
ix. റോഡ് വികസനത്തിനായി ടി സ്ഥലം പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന മുറക്ക് ടി ഭൂമി തിരികെ നൽകേണ്ടതാണ്.

x. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
സെക്രട്ടറി, കൊട്ടാരക്കര നഗരസഭ
തഹസീൽദാർ, കൊട്ടാരക്കര
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം
വെബ് & ന്യൂ മീഡിയ
സ്റ്റോക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Pradeesh Kumar M K
Date: 11-04-2025 12:48:40
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂവും ഭവന നിർമാണവും വകുപ്പ് മന്ത്രിയുടെ പി.എസിനു.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ (പിഎ) വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്.